സാഹിബ് ബഹദൂർ ടി. എ. മൈദീൻ കുഞ്ഞ് : വ൦ ശതമാനം ഫീസ് ഖജനാവിൽ അടച്ച സ്കൂളുകൾ ഇത്രയും കാലം അതായത്, ഈ പദ്ധതി നടപ്പിൽ വന്നതു മുതൽ ഇതുവരെ മുഴുവൻ തവണയും അടച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ തവണയും അടച്ചിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ് : വ൦ ശതമാനം ഫീസ് ഖജനാവിൽ അടയ്ക്കാത്ത സ്കൂളുകളെ എത്ര കാലത്തേയ്ക്ക് ഇപ്രകാരം തുടർന്നുകൊണ്ടുപോകുവാൻ ഗവൺമെൻറ് അനുവദിക്കും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഒന്നുരണ്ടു ദിവസത്തേയ്ക്കു കിലും അനുവദിക്കാതിരിക്കാൻ നിവൃത്തിയില്ല. (ചിരി)

ശ്രീ. എ. താണുപിള്ള : സെക്കൻറി സ്കൂളുകൾ ഈ വ൦ ശതമാനം ഫീസ് ടഷറിയിൽ അടയ്ക്കാതിരിക്കുന്നതുകൊണ്ട് അവരുടെ മാനേജ്മെറി. ലുള്ള പ്രൈമറി സ്കൂളുകളുടെ ഗ്രാൻറ് നിറുത്തുക മൂലം ചില പ്രൈമറി സ്കൂളുകൾ നടത്തുന്നതിനു തടസ്സം നേരിട്ടതായി ഗവൺമെൻറിൻറെ അറിവിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ നിറുത്തിയിട്ടുള്ളതായി ഗവൺമെൻറിനു റിപ്പോർട്ട് കിട്ടിയിട്ടില്ല.

തൊഴിൽ തർക്കങ്ങൾ

*വ൫. (൧൨) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്സഹാ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൪൯, ൧൯൫൦ ഈ വർഷങ്ങളിൽ എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം ഓരോകൊല്ലവും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൻറെ ആർബിട്രേഷനു വിട്ടുകൊടുത്തിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൧൯൪൯-ൽ ആയിരത്തി അഞ്ഞൂറ്റി എഴുപത്തിഒൻപതു തൊഴിൽ തർക്കങ്ങളും ൧൯൫൦-ൽ രണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊൻപതു തൊഴിൽ തർക്കങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ മുപ്പത്തിയഞ്ചെണ്ണം ൧൯൪൯-ലും മുപ്പത്തി ഒൻപതെണ്ണം ൧൯൫൦-ലും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു വിട്ടുകൊടുത്തിട്ടുണ്ട്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്സഹാ : ഏതെങ്കിലും തൊഴിൽതർക്കം ഉണ്ടാകുന്നപക്ഷം അതുടൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു വിട്ടുകൊടുക്കുന്ന ഒരു പതിവുള്ളതുകൊണ്ടാണ് തൊഴിൽ തർക്കങ്ങൾ വർദ്ധിക്കുന്നതു എന്നുള്ള സംഗതി ഗവൺമെൻറിനറിയാമോ?

Mr. Speaker: That is an argument.

ശ്രീ. എ. താണുപിള്ള : ഈ കേസുകൾ തീരുമാനിക്കുന്നതിനു ശരാശരി എത്രകാല ദൈർഘ്യം വേണ്ടിവരുന്നുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശരാശരി നാലോ അഞ്ചോ മാസം വേണ്ടിവരും. ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക കാരണങ്ങളാൽ കൂടുതൽ സമയം വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly